പറശ്ശിനിക്കടവിലെ വന്യജീവികൾക്കെതിരെ ഉണ്ടായ അക്രമം

133 [582] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് പറശ്ശിനിക്കടവ് പാമ്പു വളർത്തൽ കേന്ദ്രത്തിലെ വന്യജീവികളെ പിടിച്ചു കെട്ടുകയും ഉപദ്രവിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം നേതൃത്വത്തിൽ ആണ് അവിടത്തെ ജന്തുക്കളെ പീഡിപ്പിച്ചതെന്നും എത്ര ജന്തുക്കൾ ബന്ധിപ്പിക്കപ്പെട്ടുവെന്നും ഏതെല്ലാം വിഭാഗത്തിലുള്ള ജന്തുക്കളാണ് ബന്ധിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തതെന്നും വിശദമാക്കാമോ;

(സി) തത്ഫലമായി എത്ര ജന്തുക്കൾ ചത്തു; എത്രയെണ്ണത്തിന് ഉപദ്രവങ്ങൾ മൂലം വൈകല്യവും നാശവും സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ജന്തുക്കളെ പീഡിപ്പിച്ചവരുടെമേൽ എന്തു നടപടിയെടുത്തു;

(ഇ) ഒരു നടപടിയുമെടുക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇ. കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് പറശ്ശിനിക്കടവ് പാമ്പു വളർത്തൽ കേന്ദ്രത്തിൽനിന്നും വനം വകുപ്പ് മൃഗങ്ങളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ടി മൃഗങ്ങളിൽ 50 എണ്ണത്തിന് അതിനുശേഷം ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇതിൽ 26 എണ്ണത്തിന് 13-12-2000-ൽ പാർക്ക് അധികൃതർക്ക് ജീവികളെ തിരികെ കൈമാറുന്നതിനുമുമ്പും 24 എണ്ണത്തിനു അതിനുശേഷം 14-12-2000 മുതൽ 9-2-2001 വരെയുള്ള കാലയളവിലുമാണ് ജീവഹാനി സംഭവിച്ചത്.

(ബി) ജീവികളെ കസ്റ്റഡിയിൽ എടുത്തത് അന്നത്തെ ചീഫ് വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ. വി. കെ. സിൻഹ അവർകളുടെ ഉത്തരവനുസരിച്ചാണ്. കസ്റ്റഡിയിലെടുത്തതിന് മുഖ്യ ചുമതല വഹിച്ച ഉദ്യോഗസ്ഥന്മാർ താഴെ പറയുന്നവരാണ്:

(1) ശ്രീ. മെഹർസിംഗ്, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വൈൽഡ് ലൈഫ്, പാലക്കാട്.

(2) ശ്രീ. പി. പത്മനാഭൻ, വൈൽഡ് ലൈഫ് വാർഡൻ, ആറളം.

(3) ശ്രീ. ഒ. ജയരാജൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly

(4) റിട്ടയേർഡ് വെറ്ററിനറി ഓഫീസർമാരായ ഡോ. ജേക്കബ് ചീരൻ, ഡോ. ജോർജ്ജ്, ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരായ ഡോ. ഈശ്വരൻ, ഡോ. അരുൺ സക്കറിയ.

10-12-2000-ലെ സീസർ മഹസ്സർ പ്രകാരം രാജവെമ്പാല, ശംഖുവരയൻ തുടങ്ങിയ വിവിധയിനം പാമ്പുകളും (181 എണ്ണം), സിംഹവാലൻ കുരങ്ങ്, മുള്ളൻപന്നി, ഉടുമ്പ് തുടങ്ങിയ വിവിധയിനം സസ്തനികളും (55 എണ്ണം), മയിൽ, വർണ്ണകൊക്ക്, പ്രാവ് തുടങ്ങിയ വിവിധയിനം പക്ഷികളും (36 എണ്ണം), 73 മുതലകളും, 24 ആമകളും ഉൾപ്പെടെ ആകെ 369 വന്യജീവികളെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

(സി) ടി മൃഗങ്ങളിൽ 50 എണ്ണത്തിന് ജീവഹാനി സംഭവിച്ചു. ഇതിൽ 26 എണ്ണത്തിന് 13-12-2000-ൽ പാർക്ക് അധികൃതർക്ക് ജീവികളെ തിരികെ കൈമാറുന്നതിനുമുമ്പും 24 എണ്ണം അതിനുശേഷം 14-12-2000 മുതൽ 9-2-2001 വരെയുള്ള കാലയളവിലുമാണ് ജീവഹാനി സംഭവിച്ചത്.

(ഡി) ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ തീയതി 22-10-2000-ലെ കത്ത് പ്രകാരം അഡ്വ. ജനറൽ ആഫീസിൽ കൊടുത്തിരിക്കുകയാണ്. ഈ ഫയലുകൾ കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വന്യമൃഗങ്ങളെ ഉപദ്രവിക്കുന്നതിനെതിരെ നടപടി

134 [584] ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ എം. മുരളി:
„ കെ. സുധാകരൻ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളെ വേട്ടയാടിയതും, കൊന്നതും, ദേഹോപദ്രവമേൽപ്പിച്ചതും സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തു എന്ന് അറിയിക്കുമോ;

(സി) വന്യമൃഗങ്ങളെ വേട്ടയാടുന്നതും കൊല ചെയ്യുന്നതും ദേഹോപദ്രവ മേൽപ്പിക്കുന്നതും അവസാനിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്. വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 624 കേസുകൾ നിലവിലുണ്ട്.

(ബി) 270 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly